# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1573 — 04/12/2015-ൽ മറുപടിയ്ക്ക്

### ആലപ്പുഴ നഗരസഭാ പ്രൈവറ്റ് ബസ്സ് സ്റ്റാന്റിനോടനുബന്ധിച്ചുള്ള മുറികളുടെ ടെണ്ടർ നടപടികൾ

| ചോദ്യം<br>ശ്രീ.സി.കെ സദാശിവൻ | | മറുപടി<br>ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആലപ്പുഴ നഗരസഭാ പ്രൈവറ്റ് ബസ്സ് സ്റ്റാന്റിനോടനുബന്ധിച്ചുള്ള മുറികളുടെ ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | 18.04.2015 ലെ ആലപ്പുഴ നഗരസഭാ കൗൺസിൽ 22-ാം തീരുമാന പ്രകാരം പത്രം മുഖേന പരസ്യം നൽകി പൊതുലേലം നടത്തുകയും കൗൺസിൽ നിശ്ചയിച്ച ഡിപ്പോസിറ്റിലും ഒരു ചതുരശ്ര മീറ്ററിന് 25/-രൂപ നിരക്കിൽ നിന്ന് ഏറ്റവും കൂടുതൽ നിരക്ക് നൽകുവാൻ തയ്യാറായ വ്യക്തികൾക്ക് മുറി അനുവദിച്ചു. |
| (ബി) | ടെണ്ടർ തുക എത്ര വീതമായിരുന്നു: തുക തീരുമാനിച്ചത് ആരാണ്; അതിന്റെ മാനദണ്ഡം എന്തായിരുന്നു; | (ബി) | 16.04.2015 ലെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1-ാം നമ്പർ ശുപാർശ പരിഗണിച്ച് 18.04.15 ലെ കൗൺസിൽ 22-ാം തീരുമാന പ്രകാരം ഒരു കടമുറിയ്ക്ക് ഡെപ്പോസിറ്റ് 10,00,000/-(10 ലക്ഷം) രൂപയും ചതുരശ്ര മീറ്ററിന് 25/-രൂപ വീതവും തുക നിശ്ചയിക്കുകയുണ്ടായി. |
| (സി) | ഇതേവരെ എത്ര മുറികൾ നൽകിയിട്ടുണ്ടെന്നും അത് ആർക്കെല്ലാമാണെന്നും അതിനായി സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ: | (സി) യും (ഡി) യും | 18.04.2015 ൽ ചേർന്ന കൗൺസിലിന്റെ 22-ാംനമ്പർ തീരുമാന പ്രകാരം പത്രം മുഖേന പരസ്യം നൽകി പൊതുലേലം നടത്തുകയും കൗൺസിൽ നിശ്ചയിച്ച ഡിപ്പോസിറ്റിലും ഒരു ചതുരശ്ര മീറ്ററിന് 25 രൂപ നിരക്കിൽ നിന്ന് ഏറ്റവും കൂടുതൽ നിരക്ക് നൽകുവാൻ തയ്യാറായ വ്യക്തികൾക്ക് മുറി അനുവദിക്കുകയുമുണ്ടായി. കരാർ കാലാവധി 3 വർഷവും, ഡെപ്പോസിറ്റ് |
| (ഡി) | കരാർ കാലാവധി, അഡ്വാൻസ് തുക, വാടക, കരാറുകാരുടെ പേരും മേൽവിലാസവും എന്നിവ | | |

<table>
<tr>
<td></td>
<td>ലഭ്യമാക്കുമോ?</td>
<td></td>
<td>10 ലക്ഷം രൂപയുമാണ്. മുറികൾ അനുവദിച്ചവരുടെ /കരാറുകാരുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.
<table>
<tr><td>1</td><td>എ.എച്ച്.മുഹമ്മദ് നിസ്സാർ<br>അന്ത്രോളി പറമ്പിൽ<br>ഐ.സി.ഒ.ജംഗ്ഷൻ<br>ചങ്ങനാശ്ശേരി</td><td>വാടക<br>12,240/-രൂപ</td></tr>
<tr><td>2</td><td>അഗസ്റ്റിൻ.പി.വർഗ്ഗീസ്<br>പനച്ചിക്കൽ, ഐക്യഭാരതം<br>അവലൂക്കുന്ന്</td><td>വാടക<br>12,000/-രൂപ</td></tr>
<tr><td>3</td><td>ജോൺസൺ, മേലേവീട്ടിൽ<br>ചാത്തനാട്</td><td>വാടക<br>12,240/-രൂപ</td></tr>
<tr><td>4</td><td>ബൈജു ജേക്കബ്<br>കണിയാംപറമ്പിൽ<br>സനാതനം വാർഡ്,<br>ആലപ്പുഴ</td><td>വാടക<br>7,440/- രൂപ</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ